# Desabhimani

# 19 July 2018

# Kochi, Flood, Heavy Rain, Relief Camp



■ മഴക്കെടുതി തുടരുന്നു

# 3986 പേർ ക്യാമ്പുകളിൽ

**കൊച്ചി**

മഴക്കെടുതി ബാധിതമേഖലകളിലെ 53 ക്യാമ്പുകളിൽ 3986 പേർ അഭയം തേടി. ഏറ്റവും കൂടുതൽ ക്യാമ്പുകൾ പ്രവർത്തിക്കുന്നത് പറവൂർ താലൂക്കിലാണ് 20. ഇവിടെ 1527 പേരുണ്ട്. കണയന്നൂർ 12 ക്യാമ്പുകളിൽ 475പേർ, മൂവാറ്റുപുഴ ഒമ്പത്- 472, ആലുവ ആറ് - 440, കൊച്ചി മൂന്ന് - 834, കോതമംഗലം രണ്ട് -154, കുന്നത്തുനാട് ഒരുക്യാമ്പിൽ 84പേർ ഉൾപ്പെടെ 1273 കുടുംബങ്ങളാണ് ക്യാമ്പുകളിൽ അഭയം തേടിയിരിക്കുന്നതെന്ന് ജില്ലാ ദുരന്ത നിവാരണ വിഭാഗം അറിയിച്ചു.

വിവിധ താലൂക്കുകളിലെ ക്യാമ്പുകൾ കലക്ടർ മുഹമ്മദ് വൈ സഫീറുള്ള സന്ദർശിച്ചു. എല്ലാ ക്യാമ്പുകളിലും ഡോക്ടർമാരെ നിയോഗിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. മരുന്നുകളും ലഭ്യമാക്കിയിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസിനാണ് വൈദ്യസഹായത്തിന്റെ ചുമതല. ജില്ലാ സപ്ലൈ ഓഫീസ് താലൂക്ക് കേന്ദ്രങ്ങൾ മുഖേന ഭക്ഷണ സാമഗ്രികൾ എത്തിക്കുന്നു. സ്വകാര്യ വ്യക്തികളുടെയും സന്നദ്ധസംഘടനകളുടെയും സഹായവും ക്യാമ്പുകളിൽ ലഭിക്കുന്നുണ്ട്.

പറവൂരിൽ ഏറ്റവും കൂടുതൽ ആളുകളെ മാറ്റി താമസിപ്പിച്ചിരിക്കുന്നത് പുത്തൻവേലിക്കര വിവേക ചന്ദ്രിക സഭാ ഹയർ സെക്കൻഡറി സ്കൂളിലാണ്. 86 കുടുംബങ്ങളിൽ നിന്നായി 244 പേരാണ് ഇവിടെയുള്ളത്. ഏറ്റവും കുറവ് ആളുകൾ എത്തിയിട്ടുള്ളത് കുന്നുകര പഞ്ചായത്തിലെ സ്ത്രീ ശാക്തീകരണം ബിൽഡിങ്ങിലാണ്. പറവൂർ കുനമ്മാവ് സെന്റ് ഫിലോമിനാസ് സ്കൂളിലെ ക്യാമ്പിൽ നാട്ടുകാർ ഭക്ഷണ സാധനങ്ങൾ നൽകുന്നുണ്ട്. 21 കുടുംബങ്ങളാണ് ഇവിടെയുള്ളത്. ഇതിൽ മൂന്ന് കുടുംബങ്ങളെ പറവൂർ താലൂക്ക് ആശുപത്രിയിലേക്ക് മാറ്റിയിരിക്കുകയാണ്. കൊച്ചി താലൂക്കിൽ 332 കുടുംബങ്ങളിൽ നിന്നായി 834 പേരാണ് ക്യാമ്പുകളിൽ ഉള്ളത്. ചെല്ലാനം പഞ്ചായത്തിലെ സെന്റ് മേരീസ് എച്ച്എസ്എസിലാണ് ഏറ്റവും കൂടുതൽ ആളുകൾ. 179 കുടുംബങ്ങളിലെ 429 പേർ.

കുട്ടികളുടെയും പ്രായമായവരുടെയും ആരോഗ്യനില തൃപ്തികരമാണെന്ന് ഉറപ്പുവരുത്താൻ എല്ലാ ദിവസവും വൈദ്യസംഘത്തിന്റെ പരിശോധനയുണ്ട്. വെള്ളം താഴ്ന്നയുടനെ ക്യാമ്പുകളിൽനിന്ന് ആരും വീടുകളിലേക്ക് മാറരുതെന്ന കർശന നിർദേശം ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ നൽകിയിട്ടുണ്ട്. വെള്ളം താഴ്ന്നതിന് ശേഷം ചെളിമയമായ പ്രദേശങ്ങളിൽ പകർച്ചവ്യാധികൾ പടരാനുള്ള സാധ്യത കൂടുതലാണ്. അതിനാൽ ക്ലോറിനേഷൻ നടത്തി രോഗങ്ങൾ വരാനുള്ള സാധ്യത തടയാനാണ് തീരുമാനം. പുഴയിലെയും സമീപപ്രദേശങ്ങളിലെയും ജലനിരപ്പ് താഴുന്നതനുസരിച്ച് ക്യാമ്പുകൾ നിർത്താനാകുമെന്ന പ്രതീക്ഷയിലാണ് ജില്ലാ ഭരണനേതൃത്വം.

കീച്ചേരി മണ്ണാറവേലിൽ രാജന്റെ വീട് വെള്ളംകയറിയനിലയിൽ